# ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ ശ്രീ. ബി.റ്റി.വി. കൃഷ്ണൻ B.Tech. )

**ഉത്തരവ് നമ്പർ ബി2/119/2020/എച്ച്.ഇ.സി.ഇ. തീയതി 21-07-2020**

വിഷയം:- ഹാർബർ എഞ്ചിനീയറിഗ് വകുപ്പ്- ജീവനക്കാര്യം- അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ ) തസ്തികയിലെ സ്ഥലംമാറ്റം ഉത്തരവാകുന്നു.

പരാമർശം:-1) 02-07-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 402/2020/മത്സ്യ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയിൽ 2020 വർഷത്തെ സ്ഥാനക്കയറ്റം മേൽ പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരുന്നു. പ്രസ്തുത സ്ഥാനക്കയറ്റം നിമിത്തം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ പ്രവൃത്തികളുടെയും, കാര്യാലയങ്ങളുടെയും സുഗമമായ നടത്തിപ്പിന് അനുസൃതമായി സ്ഥലംമാറ്റം നടത്തേണ്ടതുണ്ട്. ആയതിനാൽ ചുവടെ ചേർക്കുന്ന സ്ഥലംമാറ്റങ്ങൾ അടിയന്തര പ്രാബല്യത്തോടുകൂടി നടപ്പിലാക്കി ഉത്തരവാകുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ കുമാരി. ഐശ്വര്യ സുഗതനെ ഭരണസൗകര്യാർത്ഥം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

2. ഹാർബർ എഞ്ചിനീയറിംഗ് കാസർഗോഡ് സബ് ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ദേവദത്ത്. ഡി. ദാസിനെ ഭരണസൗകര്യാർത്ഥം തോട്ടപ്പള്ളി സബ് ഡിവിഷൻ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

3. ഹാർബർ എഞ്ചിനീയറിംഗ് പുതിയാപ്പ സബ് ഡിവിഷൻ കാര്യാലയത്തിലെ ചോമ്പാൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി.കെ. അജിത്കുമാറിനെ ഭരണസൗകര്യാർത്ഥം ഹാർബർ എഞ്ചിനീയറിംഗ് തലായ് സബ് ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു. ചോമ്പാൽ സെക്ഷനിൽ മറ്റൊരു അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതുവരെ ടിയാൻ ചോമ്പാൽ സെക്ഷന്റെ പൂർണ്ണ അധികച്ചുമതല കൂടി വഹിക്കേണ്ടതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
വ്യക്തികൾക്ക്
(ഓഫീസ് മേധാവി മുഖേന)

പകർപ്പ് :- 1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല/ഉത്തരമേഖല ,
2) എക്സി.എഞ്ചിനീയർ , ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, ആലപ്പുഴ,കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്
3) അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, തോട്ടപ്പള്ളി, പുതിയാപ്പ, കൺസ്ട്രക്ഷൻ ബേപ്പൂർ, തലായ്, കാസർഗോഡ്

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ
പൂർണ്ണ അധിക ചുമതലയുള്ള
സീനിയർ സൂപ്രണ്ട്



T3